**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2903** **12-07-2022 - ൽ മറുപടിയ്ക്ക്**

**ചങ്ങലപ്പാലം കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കടുത്തുരുത്തി, വൈക്കം മണ്ഡലങ്ങൾക്ക് വേണ്ടിയുള്ള ചങ്ങലപ്പാലം കുടിവെള്ള പദ്ധതിയിലെ ജലവിതരണം തടസ്സപ്പെടുന്നത് സംബന്ധിച്ച് 9.7.2021 ൽ ഡബ്ള്യു.എസ്./ബി 3 /170/2021 നമ്പർ പ്രകാരം നൽകിയിരുന്ന നിവേദനത്തിൽ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (എ) | **പ്രസ്തുത പരാതി 159/VIP/MWRD/2021 dated 09-07-2021 നമ്പരായി കേരള ജല അതോറിറ്റിയ്ക്ക് കൈമാറിയിട്ടുള്ളതാണ് . വെള്ളൂർ - വെളിയന്നൂർ ശുദ്ധജല പദ്ധതിയിലെ ജലവിതരണം തടസ്സപ്പെടുന്നത് പിറവം – കക്കാട് ഹൈ ടെൻഷൻ ലൈനിലെ പ്രസരണ തടസ്സത്തെ തുടർന്നാണ് . ആയത് പരിഹരിക്കുന്നതിനു വേണ്ടി കുറവിലങ്ങാട് ഇലക്ട്രിക്കൽ സെക്ഷനിൽ നിന്നും ഡെഡിക്കേറ്റ് ഫീഡർ ലൈൻ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം ബഹുമാനപ്പെട്ട കടുത്തുരുത്തി എം.എൽ.എ മുന്നോട്ട് വച്ചതനുസരിച്ച് കെഎസ്ഇബി കുറവിലങ്ങാട് സെക്ഷനോട് ടി പ്രവൃത്തിയ്ക്കായി എസ്റ്റിമേറ്റ് നൽകുവാൻ 28/06/2021 തീയതിയിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരളാ ജല അതോറിറ്റി, പി എച്ച് സബ് ഡിവിഷൻ, കടുത്തുരുത്തി, ആവശ്യപ്പെടുകയുണ്ടായി. എന്നാൽ ആയതിനുള്ള എസ്റ്റിമേറ്റ് കെഎസ്ഇബി യിൽ നിന്നും ജല അതോറിറ്റിയുടെ ഓഫീസിൽ ലഭ്യമായിട്ടില്ല. കൂടാതെ നിലവിൽ കേരള സർക്കാർ മുൻകൈ എടുത്തു തുറന്ന വെള്ളൂർ ന്യൂസ് പ്രിന്റ് ഫാക്ടറിയുടെ ഫീഡറിൽ നിന്ന് ഡെഡിക്കേറ്റ് ഫീഡർ വെള്ളൂർ ജല ശുദ്ധീകരണ ശാലയിലേയ്ക്ക് ലഭ്യമാക്കാനുള്ള സാധ്യതയും പരിശോധിക്കുന്നുണ്ട് . ഇത് പ്രാവർത്തികമായാൽ ഈ പ്രവൃത്തിയുടെ മതിപ്പ് ചിലവ് കുറയാനും സാധ്യതയുണ്ട് . ഇത് സംബന്ധിച്ച് മാനേജിംഗ് ഡയറക്ടർ 04.07.2022 തീയതിയായി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു.** |
| (ബി) | ആയത് സംബന്ധിച്ച് വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; പ്രസ്തുത പരാതിയിൽ സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കാമോ? | (ബി) | **പ്രസ്തുത പരാതി 159/VIP/MWRD/2021 dated 09-07-2021 നമ്പരായി കേരള ജല അതോറിറ്റിയ്ക്ക് കൈമാറിയിട്ടുള്ളതാണ് . വെള്ളൂർ - വെളിയന്നൂർ ശുദ്ധജല പദ്ധതിയിലെ ജലവിതരണം തടസ്സപ്പെടുന്നത് പിറവം – കക്കാട് ഹൈ ടെൻഷൻ ലൈനിലെ പ്രസരണ തടസ്സത്തെ തുടർന്നാണ് .** |

| | | | |
|---|---|---|---|
| | | | ആയത് പരിഹരിക്കുന്നതിനു വേണ്ടി കുറവിലങ്ങാട് ഇലക്ട്രിക്കൽ സെക്ഷനിൽ നിന്നും ഡെഡിക്കേറ്റ് ഫീഡർ ലൈൻ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം ബഹുമാനപ്പെട്ട കടുത്തുരുത്തി എം.എൽ.എ മുന്നോട്ട് വച്ചതനുസരിച്ച് കെഎസ്ഇബി കുറവിലങ്ങാട് സെക്ഷനോട് ടി പ്രവൃത്തിയ്ക്കായി എസ്റ്റിമേറ്റ് നൽകുവാൻ 28/06/2021 തീയതിയിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരളാ ജല അതോറിറ്റി, പി എച്ച് സബ് ഡിവിഷൻ, കടുത്തുരുത്തി, ആവശ്യപ്പെടുകയുണ്ടായി. എന്നാൽ ആയതിനുള്ള എസ്റ്റിമേറ്റ് കെഎസ്ഇബി യിൽ നിന്നും ജല അതോറിറ്റിയുടെ ഓഫീസിൽ ലഭ്യമായിട്ടില്ല. കൂടാതെ നിലവിൽ കേരള സർക്കാർ മുൻകൈ എടുത്തു തുറന്ന വെള്ളൂർ ന്യൂസ് പ്രിന്റ് ഫാക്ടറിയുടെ ഫീഡറിൽ നിന്ന് ഡെഡിക്കേറ്റ് ഫീഡർ വെള്ളൂർ ജല ശുദ്ധീകരണ ശാലയിലേയ്ക്ക് ലഭ്യമാക്കാനുള്ള സാധ്യതയും പരിശോധിക്കുന്നുണ്ട് . ഇത് പ്രാവർത്തികമായാൽ ഈ പ്രവൃത്തിയുടെ മതിപ്പ് ചിലവ് കുറയാനും സാധ്യതയുണ്ട് . ഇത് സംബന്ധിച്ച് മാനേജിംഗ് ഡയറക്ടർ 04.07.2022 തീയതിയായി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ